"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന പൊതുഭരണ (സർവ്വീസസ്-എ) വകുപ്പിലെ അസിസ്റ്റന്റ് ആയ ശ്രീമതി. ഡെസ്സി വി.യുടെ അന്യത്രസേവന കാലാവധി 04/06/2025 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1175/2025/LSGD തീയതി,തിരുവനന്തപുരം, 13-05-2025

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(അച്ചടി) നം. 580/2013/ധന തീയതി 28/11/2013.
3. സ.ഉ.(സാധാ) നം. 1363/2022/തസ്വഭവ തീയതി 02/06/2022.
4. സ.ഉ.(സാധാ) നം. 1348/2023/തസ്വഭവ തീയതി 30/06/2023.
5. സ.ഉ.(സാധാ) നം. 1010/2024/തസ്വഭവ തീയതി 10/06/2024.
6. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29/03/2025ലെ SM/78/2025-B നമ്പർ കത്ത്.

**ഉത്തരവ്**

സെക്രട്ടേറിയറ്റ് പൊതുഭരണ (സർവിസസ് -എ) വകുപ്പിലെ അസിസ്റ്റന്റ് ആയ ശ്രീമതി.ഡെസ്സി വി. യെ പരാമർശം (3) പ്രകാരം കോഴിക്കോട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4), (5) ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 04/06/2025 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (6) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന സെക്രട്ടേറിയറ്റ് പൊതുഭരണ (സർവ്വീസസ് - എ) വകുപ്പിലെ അസിസ്റ്റന്റ് ആയ ശ്രീമതി. ഡെസ്സി വി.യുടെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭഗാം I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 04/06/2025 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR MANJU K
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പൊതുഭരണ (സർവ്വീസസ് - എ) വകുപ്പ് (SA3/123/2025-GAD)
ശ്രീമതി. ഡെസ്റ്റി വി. (പൊതുഭരണ (സർവ്വീസസ് - എ) വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ.), കേരളം, തിരുവനന്തപുരം എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/64/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Ratheesh M
Date: 13-05-2025 12:34:19
സെക്ഷൻ ഓഫീസർ